TRENDING | ADVERTISE | DECEMBER 25TH MONDAY 2023 GMT | ENGLISH EDITION | Select Region

Malayalee Vision

LATEST ാലപ്പെടുത്തിയതിൽ പങ്കുള്ളതായി സംശയിക്കുന്ന മൂന്ന് പേർക്കെതിരെ കേസെടുത്തു ♦ 'എസ്എഫ്ഐ പ്രവർത്തകരെ പേരക്കുട്ടികളെ പോലെ കണ്ടാൽ മതി', ച

HOME | NEWS | ENGLISH | NRI | ENTERTAINMENT | MV SPECIAL | SPORTS | LIFESTYLE | TECH | SOCIAL SPHERE | EDITORIAL

ARTS & LITERATURE | MAGAZINE | VIDEOS | YOUR SAY | COOKERY | KARSHAKAN | TOURS & TRAVEL | GREETINGS | CLASSIFIEDS | OBITUARY | Search

ARTS & LITERATURE

നിഗൂഢതയുടെ നിശബ്ദസുന്ദരി

Published: December 29, 2016 by: Web Desk

കാരൂർ സോമൻ



നിഗൂഢതയുടെ നിഴലാണ് മൊണോലിസ എന്ന സൗന്ദര്യം. സ്ത്രീയുടെ സൗന്ദര്യസങ്കൽപ്പങ്ങളെ ഛായാമുഖിയിലേക്ക് ആവേശിച്ച കലാവിരുന്ന്. ഈ ചിരിയിൽ വിരിയുന്നത് പോലും നിഗൂഢമായ രഹസ്യം. ജീവിച്ചിരിക്കുന്ന സുന്ദരിമാരെക്കാളും സൗന്ദര്യവതിയായി ലോകത്തെ ഏറ്റവും പ്രശസ്തമായ ഈ ചിത്രം തുടരുന്നു. 500 വർഷങ്ങളായി ഫ്രഞ്ച് തലസ്ഥാനമായ പാരീസിലെ ലൂവർ മ്യൂസിയത്തിലെ ചില്ലുപേടകത്തിലാണ് ജീവനില്ലാത്ത ലോകസുന്ദരി. ഡാവിഞ്ചി എന്ന ലോകപ്രശസ്ത ചിത്രകാരന്റെ എക്കാലത്തെയും മാസ്റ്റർപീസ്. ചിത്രം നോക്കിനിൽക്കുമ്പോൾ നിഗൂഢമായ സൗന്ദര്യത്തിൽ നിന്നും നിറഞ്ഞുതുളുമ്പുന്ന അഗാധമായ വൈകാരിക ക്ഷോഭങ്ങൾ ഹൃദയത്തിലേക്ക് അലയടിച്ചുയരുന്നതു പോലെ തോന്നി.

ഇറ്റാലിയൻ നഗര രാഷ്ട്രങ്ങളായിരുന്ന പിസ, ഫ്ളോറൻസ് എന്നിവയുടെ മധ്യത്തിലുള്ള വിൻചി ഗ്രാമത്തിലാണ് 1452 ഏപ്രിൽ 15ന് ലിയനാർഡോ ഡാവിഞ്ചി ജനിച്ചത്. ധനിക അഭിഭാഷകനായിരുന്ന പിയറോ ഡാവിഞ്ചി പിതാവ്. മാതാവ് കത്രീന. ഗ്രാമീണയുവതിയായിരുന്ന കത്രീനയെ പിയറോ വിവാഹം കഴിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ അവർ ഭർത്താവിന്റെ വസതിയിൽ അവകാശങ്ങളൊന്നുമില്ലാതെ ഒരു സാദാ വീട്ടുജോലിക്കാരിയായി ജീവിച്ചു. ഒരേ സമയം ചിത്രകാരനും ശിൽപിയും, ശാസ്ത്രജ്ഞനും ഗണിതവിദ്വാനുമൊക്കെയായിരുന്നു ഡാവിഞ്ചി. പേരിനൊപ്പം 'ലിയനാർഡോ ഡാ'യ്ക്കൊപ്പം ജന്മദേശമായ 'വിഞ്ചി' കൂടി ചേർന്നപ്പോഴാണ് ഡാവിഞ്ചിയായത്. 1482-ൽ ഡാവിഞ്ചി മിലാനിലെത്തി. ഇവിടെവച്ചാണ് വിശിഷ്ട രചനയായ 'ദ ലാസ്റ്റ് സപ്പർ' രചിച്ചത്. 1499ൽ ഫ്രഞ്ചുകാർ മിലാൻ കീഴടക്കിയപ്പോൾ അദ്ദേഹം ഫ്ളോറൻസിലേക്കുപോയി.

ഇക്കാലത്താണ് ഡാവിഞ്ചി ഏറ്റവും പ്രസിദ്ധമായ മോണാലിസ എന്ന ചിത്രം വരച്ചത്. 77-53 സെ.മീ. വലിപ്പമുള്ള എണ്ണഛായാചിത്രം അറിയപ്പെടുന്നത് 'ലാഗിയോ കോൺഡാ' എന്നാണ്. മാർകിഡെൽഗിയോ കോൺഡാ എന്ന ഫ്ളോറൻസുകാരനായ പ്രഭുവിന്റെ പത്നിയാണ് മോണലിസയ്ക്കു മാതൃകയായതെന്നു കരുതുന്നു. മോണാലിസയുടെ പുഞ്ചിരിയുടെ അർഥമെന്തെന്ന ചോദ്യത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഒപ്പം വിശ്വപ്രശസ്തിയുമുണ്ട്, വശ്യമായ ആ പുഞ്ചിരിക്ക്. അതിലേക്ക് നോക്കിനിൽക്കുമ്പോൾ ലോകം മുഴുവൻ ആരാധിക്കുന്ന മാസ്റ്റർപീസിന്റെ അടുത്തുനിൽക്കാൻ കഴിഞ്ഞതിന്റെ അടങ്ങാത്തയാവേശത്തിലായിരുന്നു ഞാൻ.

പുഞ്ചിരി (നിഗൂഢമായ മന്ദഹാസം) അടിസ്ഥാനമാക്കിയാണ് മോണോലിസ ഡാവിഞ്ചി വരച്ചിരിക്കുന്നതെന്നാണ് നിഗമനം. ചിത്രത്തിന് ആധാരമെന്നുകരുതുന്ന യുവതിക്ക് അന്ന് 24 വയസുണ്ടായിരുന്നുവെന്നാണ് സൂചനകൾ. ഇതൊന്നും വസ്തുതകളല്ല-ചരിത്രകാരന്മാർ കണ്ടെത്തിയ വാദങ്ങൾ മാത്രമാണ്. ഡാവിഞ്ചി ആരെ മോഡലാക്കിയാണ് ചിത്രം വരച്ചതെന്നതിനും സാങ്കേതികമായ തെളിവുകളൊന്നും തന്നെയില്ല. മോഡൽ ഒരു സ്ത്രീയായിരുന്നില്ലെന്നും ഡാവിഞ്ചിയുടെ സഹായിയായ പുരുഷനാണെന്നുമുള്ള വാദഗതികളും നിലവിലുണ്ട്.

കാലമിത്രയും കടന്നു പോയെങ്കിലും ചിത്രത്തിന്റെ മൂല്യനിർണയം നടത്തിയിട്ടില്ല, ഇത് അമൂല്യമാണെന്ന് കരുതപ്പെടുന്നു. എല്ലാ കാലാവസ്ഥകളേയും അതിജീവിക്കാൻ ശേഷിയുള്ള മുറിയിൽ (ഏകദേശം 7 മില്യൻ ഡോളർ ചെലവിൽ) ബുള്ളറ്റ് പ്രൂഫ് ഗ്ളാസുകളിൽ സൂക്ഷിച്ചിരിക്കുന്ന പെയിന്റിംഗിന് 500 വർഷത്തോളം പഴക്കമുണ്ട്. 1911ൽ ഇത് മോഷണം പോവുകയും രണ്ടുവർഷത്തിനുശേഷം കണ്ടെടുക്കുകയും ചെയ്തു. 1956ൽ പെയിന്റിങ്ങിന് നേരെ ആരോ കല്ല് വലിച്ചെറിഞ്ഞതിനാൽ ഇടതുകൈമുട്ടിനടുത്ത് കേടുപറ്റുകയും ചെയ്തിട്ടുണ്ട്.

പതിനാറാം നൂറ്റാണ്ടിൽ, ഡാവിഞ്ചിയുടെ ആരാധകൻ കൂടിയായ ഫ്രഞ്ച് രാജാവായിരുന്ന ഫ്രാങ്കോയിസ് ഒന്നാമൻ മോണാലിസ സ്വന്തമാക്കി. പിന്നീട് നെപ്പോളിയന്റെ കിടപ്പുമുറിയിലും അതിനുശേഷം ലൂവറിലേയ്ക്ക് മാറ്റപ്പെടുകയുമായിരുന്നുവത്രേ. ഫ്രഞ്ച് മ്യൂസിയത്തിൽ സൂക്ഷിക്കപ്പെട്ടിട്ടുള്ള ഇറ്റാലിയൻ പെയിന്റിംഗ് എന്ന പ്രത്യേകതയും ഇതിനുണ്ട്.

മോണലിസയ്ക്ക് പുരികം ഇല്ലാത്തതും ശ്രദ്ധേയമായ കാര്യമാണ്. അന്നത്തെ രീതിയനുസരിച്ച് പുരികം അങ്ങനെയാവാനും അതല്ല എങ്കിൽ ചിത്രത്തിന്റെ റിസ്റ്റൊറേഷൻ സമയത്ത് എന്തെങ്കിലും സംഭവിച്ചതാകാമെന്നും പറയപ്പെടുന്നു. ഡാവിഞ്ചി തന്റെ പെയിന്റിംങ് പൂർത്തിയാക്കാൻ ഇഷ്ടപ്പെട്ടില്ല എന്നും വാദമുണ്ട്. (അദ്ദേഹം പെയിന്റിംഗുകളൊന്നും തന്നെ പൂർത്തിയാക്കിയിട്ടില്ല എന്ന് പറയപ്പെടുന്നു).

ചിത്രകാരൻ, ശാസ്ത്രഗവേഷകൻ, ചിന്തകൻ, അനാട്ടമിസ്റ്റ്, എഞ്ചിനീയർ, ജ്യോതിശാസ്ത്രജ്ഞൻ, നിയമോപദേഷ്ടാവ്, നവോത്ഥാനകാലത്തെ ചിത്രകലാപരിഷ്കർത്താവ് എന്നിങ്ങനെ പല രീതിയിലും ശ്രദ്ധേയനായ ഡാവിഞ്ചിയുടെ രചന എന്നതാണ് ഈ സൃഷ്ടിയുടെ ഒന്നാമത്തെ സവിശേഷത. സ്ഫുമാത്തോ കളറുകൾ, മറ്റൊന്നിലേയ്ക്ക് വ്യക്തമായ വേർതിരിവുകൾ സൃഷ്ടിക്കാതെ കൂടിച്ചേരൽ, ഔട്ട്ലൈനുകൾ എന്നിവയൊന്നും ഇതിനുണ്ടായില്ല. അക്കാലത്തുതന്നെ ജീവിച്ചിരുന്ന ഇറ്റാലിയൻ ചിത്രകാരൻ റാഫേൽ ഈ ചിത്രരചനാരീതിയും അനാട്ടമിയും പകർത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ ഡാവിഞ്ചി കാലഘട്ടത്തിൽ നിലനിന്നുപോന്നിരുന്ന മേൽക്കോയ്മയെ ഒരുതരത്തിൽ വെല്ലുവിളിച്ചാണ് ചിത്രം വരച്ചതെന്ന് വ്യക്തം. ഒരു ധനാഢ്യന്റെ ഭാര്യയെ തന്നെ അതും ഒട്ടുംതന്നെ ആഭരണങ്ങളോ, അതിഭാവുകത്വമോ കൂടാതെ വരച്ചതും ഈ ചിത്രത്തിന്റെ പ്രത്യേകതയായി പറയപ്പെടുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിലെ കവിതകൾക്കും കൃതികൾക്കും മോണാലിസ ആധാരമായിട്ടുണ്ട്. ഏകബിന്ദു പരിപ്രേക്ഷ്യാനുപാതം ആദ്യമായി ചിത്രരചനയിൽ കൊണ്ടുവന്നത് ഡാവിഞ്ചിയാണെന്നും പറയപ്പെടുന്നു. മൊണാലിസയുടെ പശ്ചാത്തലത്തിൽ പർവതങ്ങളും പുഴകളും വഴികളും കൂടിച്ചേരുന്നത് ശ്രദ്ധിക്കുക. പിന്നിൽ കാണുന്ന പാലം ബുരിയാനോ ബ്രിഡ്ജ് ആണ്. ഏതുനിമിഷവും മാറാവുന്ന അന്തരീക്ഷമാണു ചിത്രം നൽകുന്നതെന്ന് പറയപ്പെടുന്നു. പ്രപഞ്ചസത്യങ്ങളെ പ്രതിനിധാനം ചെയ്യുന്ന മൊണാലിസയിൽ പൗരുഷഭാവങ്ങളും ഉണ്ട്. ഇരുളും വെളിച്ചവും പ്രാധാന്യത്തോടെ കാണിച്ചിരിക്കുന്നു എന്നും പഠനങ്ങൾ പറയുന്നു.

ഇങ്ങനെയൊക്കെയാണെങ്കിലും ലോകസഞ്ചാരികളുടെ മുന്നിൽ വർണചാരുതകളുടെ പൂക്കളം വിടർത്തി നിൽക്കുന്ന ഈ ചിത്രം ലോകത്തിന് പുതിയൊരു ചിത്രകലാശൈലിയാണ് നൽകുന്നത്. ഈ ആവിഷ്കരണത്തിന് പലവിധ ഭ്രൂപഭാവങ്ങളാണുള്ളത്. ആ കണ്ണുകളിൽനിന്ന് പൊഴിഞ്ഞു വീഴുന്നത് മിഴിനീരല്ല പകരം മന്ദഹാസ പ്രഭ ചൊരിയുന്ന പുഞ്ചിരിയാണ്. സുഗന്ധം പേറി നിൽക്കുന്ന പൂക്കൾക്ക് ചുറ്റും പാറിപറക്കുന്ന വണ്ടുകളിൽ ഒരാളായി അനുരാഗത്തേക്കാൾ ആരാധനയോടെ ഞാൻ നോക്കി നിന്നു. യൂറോപ്പിലെ പ്രമുഖ മ്യൂസിയങ്ങളിലും ചരിത്രമുറങ്ങുന്ന കൊട്ടാരങ്ങളിലും ഞാൻ സന്ദർശനം നടത്തിയിട്ടുണ്ട്. അവിടെയെല്ലാം പ്രമുഖ ചിത്രകാരന്മാരുടെ ചിത്രങ്ങളുടെ കൂട്ടത്തിൽ ഡാവിഞ്ചിയുടെ ചിത്രങ്ങളും കണ്ടിട്ടുണ്ട്. അതിൽനിന്നെല്ലാം വിത്യസ്തമാണ് മൊണോലിസ.

മൊണോലിസയുടെ ചിത്രം നാം ഏത് ദിശയിൽനിന്ന് നോക്കിയാലും നമ്മെ നോക്കുന്ന വിധത്തിലാണുള്ളത്. മൊണൊലിസയെപ്പറ്റി ധാരാളം നിഗൂഢതകൾ ലോകത്ത് പ്രചരിക്കുന്നുണ്ടെങ്കിലും മൊണാലിസ ഫ്രാൻസ്സക്കോ റ്റൽജിയോക്കോൺഡോ എന്ന ഫ്ളോറൻസുകാരന്റെ ഭാര്യയാണെന്നാണ് ചരിത്രം അടയാളപ്പെടുത്തിയിട്ടുള്ളത്. വിമാനങ്ങൾ ഉണ്ടാകുന്നതിന് മുമ്പു തന്നെ ഡാവിഞ്ചി ഹെലികോപ്റ്റർ, യുദ്ധത്തിൽ ഉപയോഗിക്കുന്ന കുറ്റൻ ടാങ്ക്, കാൽകുലേറ്റർ മുതലായവയുടെ മാതൃകകളുണ്ടാക്കി ലോകത്തെ കാണിച്ചിരുന്നു. ഫ്ളോറൻസും പിസയും തമ്മിലുള്ള യുദ്ധത്തിൽ പിസയെ തോൽപ്പിക്കാനായി ഡാവിഞ്ചിയുടെ നേതൃത്വത്തിൽ നദിയിൽ അണക്കെട്ടു നിർമ്മിച്ചു.

മൊണൊലിസയുടെ പേരിൽ ഡാവിഞ്ചി കോഡ് എന്ന നോവൽ ഡാൻ ബ്രൗൺ എഴുതി. മൊണൊലിസയെ അധികരിച്ച് ഫ്രഞ്ച് ഭാഷയിൽ ധാരാളം സിനിമകളും സംഗീത-നൃത്ത-നാടകങ്ങളുമുണ്ടായിട്ടുണ്ട്. യൂറോപ്പിലുള്ളവർ കലാസാഹിത്യസൃഷ്ടികളെ അമൂല്യനിധികളായി കാണുന്നവരാണ്. അവർക്ക് ഡാവിഞ്ചി ജീവിതം കൊണ്ടു സമ്മാനിച്ച ഉദാത്തമായ കലാസൃഷ്ടിയാണ് മോണോലിസ.

#Italian Renaissance | #Karoor Soman | #Leonardo Da Vinci | #Mona Lisa

RELATED ARTICLES

ലാവണ്യത്തിന്റെ തികവ്- ക്ലിയോപാട്ര

പോംപെ, പുരാതന നഗര സ്മൃതികൾ



കഥ....കോഴിപറമ്പിലെ കൊറോണ കോയിച്ചൻ

കാലപ്രളയത്തിലെ കാക്ക- കോയി- കൊറോണ കോഴികൾ

ഇന്ത്യൻ തെരഞ്ഞെടുപ്പിലെ അജ്ഞാത കാമുകികാമുകന്മാർ


സോഷ്യൽ മീഡിയ പ്രതികരണം നിർത്തി ഗാന്ധിയൻ ഉപവാസം ചെയ്യാൻ കെ.ആർ.മീരയുടെ ഉപദേശം നല്ലത്

0 comments | Sort by Oldest

Add a comment...

Facebook Comments plugin

MORE FROM ARTS & LITERATURE

ഋതുഭേദ വിസ്മയങ്ങൾ: വിയന്ന മലയാളി ആന്റണി പുത്തൻപുരയ്ക്കലിന്റെ മലയാള പുസ്തകം ആലപ്പുഴയിൽ പ്രകാശനം ചെയ്യും

നിജ്ജാറിന്റെ കൊലപാതകം: ഇന്ത്യൻ ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യണമെന്ന് കാനഡ


എഡിൻബർഗ്ഗിൽ അന്തരിച്ച മലയാളത്തിന്റെ സ്വന്തം ആഷർ: ആന്റണി പുത്തൻപുരയ്ക്കൽ എഴുതുന്നു


ഭാവശുദ്ധിയുടെ പരമ ഗുരുവിന് പ്രണാമം: സന്തോഷമുള്ളവരായിരിക്കാൻ തായ് നിർദ്ദേശിക്കുന്ന പഞ്ചശീലങ്ങൾ


അവധാനപൂർവ്വ സാമൂഹ്യജീവിതം നയിക്കുന്നവരിൽ ഓസ്ട്രിയക്കാർ രണ്ടാം സ്ഥാനത്ത്

കാലാവസ്ഥാ വ്യതിയാനം ; അന്തരീക്ഷത്തിന്റെ മൂന്നാം പാളി ചുരുങ്ങുന്നതായി നാസ

TRENDING

01 സുരൻ സീതലിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയതിൽ പങ്കുള്ളതായി സംശയിക്കുന്ന മൂന്ന് പേർക്കെതിരെ കേസെടുത്തു

02 കേരളത്തിന്റെ എഐസിസി ചുമതലയിൽ നിന്ന് താരിഖ് അൻവറിനെ മാറ്റി; പകരം ദീപാദാസ് മുൻഷി

03 'എസ്എഫ്ഐ പ്രവർത്തകരെ പേരക്കുട്ടികളെ പോലെ കണ്ടാൽ മതി', ചരിത്രമറിയാഞ്ഞിട്ടാണ്; ഗവർണറോട് ഷംസീർ

04 'മന്ത്രി മുഹമ്മദ് റിയാസ് കലാപത്തിന് ആഹ്വാനം ചെയ്തു'; സന്ദീപ് വാചസ്പതി

05 ഗവർണർ ഡിജിപിയെ വിളിച്ച് കർശന നിർദേശം നൽകി; ഒടുവിൽ എസ്എഫ്ഐ പ്രവർത്തകർക്കെതിരെ 124ാം വകുപ്പ് ചുമത്തി പൊലീസ്

Malayalee Vision
204,812 followers
Follow Page | Share

CLASSIFIEDS

- വിദേശത്ത് പഠിക്കാൻ ആഗ്രഹിക്കുന്ന ഇന്ത്യൻ വിദ്യാർഥികൾക്ക് വമ്പൻ ഓഫറുമായി ഫ്രാൻസ്
- ഇന്ത്യൻ യുവജനങ്ങൾക്ക് ജർമ്മനിയിൽ മികച്ച തൊഴിൽ അവസരങ്ങൾ: പഠനത്തോടൊപ്പം എല്ലാ മാസവും ഒരു ലക്ഷം രൂപയോളം സാലറിയോടു കൂടിയ കോഴ്സുകൾ
- ഓൺലൈൻ തൊഴിൽ മേള, 'കണക്ട് ട്ട കരിയേഴ്സ്' മാർച്ച് 21-ന്
- നഴ്സുമാർക്ക് സാലറിയോടുകൂടി ജർമ്മനിയിൽ സൗജന്യ അഡാപ്റ്റേഷൻ പ്രോഗ്രാം: അവസരമൊരുക്കി ഡാന്യൂബ് കൊച്ചി
- കുറഞ്ഞ ചിലവിൽ വിദേശത്ത് മെഡിസിൻ പഠനം: യൂറോപ്പിലെ ഗവൺമെന്റ് യൂണിവേഴ്സിറ്റികളിൽ അവസരമൊരുക്കി ഡാന്യൂബ് കരിയേഴ്സ്
- പാരിസിൽ പഠനവും ജോലിയും പിന്നെ രണ്ടു വർഷം പോസ്റ്റ് സ്റ്റഡിവർക്കും: അപേക്ഷകൾ ക്ഷണിക്കുന്നു
- ജർമ്മനിയിൽ സൗജന്യമായി പഠിക്കാം: വിദ്യാർത്ഥികൾക്കു സുവർണ്ണ അവസരം
- ജർമ്മനിയിൽ സ്റ്റൈപ്പന്റോടുകൂടി നഴ്സിംഗ് പഠിക്കാൻ സുവർണ്ണ അവസരം
- യു.എ.യിൽ താമസിക്കുന്നവർക്ക് ഐ.ഡി.പിയുടെ സൗജന്യ ഐഇഎൽടിഎസ് പരിശീലനം
- നേഴ്സുമാർക്ക് ജർമ്മനിയിൽ ജോലിയും പഠനത്തിനും അവസരങ്ങൾ

© 2023 Malayalee Vision; Developed by nextline